"ഭരണഭാഷ - മാതൃഭാഷ"

നം: എച്ച് (2)/35985/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 10/02/2017

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം- അധ്യാപക ബാങ്ക്- ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച്

സൂചന:- 1) 29/01/2016 ലെ ജി.ഒ (പി) നമ്പർ.29/2016/പൊ.വി.വ
2) 05/08/2014 ലെ ജി.ഒ (പി) നമ്പർ. 134/2016/പൊ.വി.വ
3) ഈ ഓഫീസിൽ നിന്നുള്ള 21/01/2017 ലെ ഇതേ നമ്പർ കത്ത്

****

ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഐ.ടി@സ്കൂൾ വെബ് സൈറ്റിൽ എന്റർ ചെയ്ത്, വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഉറപ്പു വരുത്തിയ ഓരോ ജില്ലയുടെയും അധ്യാപക ബാങ്ക് (സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റ്) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ ഓരോ റവന്യൂ ജില്ലയിലെയും 'അധ്യാപക ബാങ്ക്', ജില്ലയിലെ എല്ലാ മാനേജർമാർക്കും ലഭ്യമാക്കേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ വെബ് സൈറ്റിലും/ബ്ലോഗിലും ഇത് പ്രസിദ്ധീകരിക്കുകയും ചെയ്യണം. മാത്രമല്ല എല്ലാ ജില്ലാ/ഉപജില്ലാ ഓഫീസുകളിലും ലിസ്റ്റ് ലഭ്യമാക്കണം.

'സമ്പൂർണ' യിൽ സ്കൂളിന്റെ വിവരങ്ങൾ ലഭ്യമാകാതിരുന്നതിനാൽ (ഉദാ. പഞ്ചായത്ത് സ്കൂളുകൾ) എതാനും ചില ജില്ലകളിൽ ചില സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ സൈറ്റിൽ എന്റർ ചെയ്യാൻ കഴിയാതെ പോയിട്ടുണ്ട്. ഇവരെക്കൂടി ഉൾപ്പെടുത്തിയ ലിസ്റ്റാണ് ജില്ലാ തലത്തിൽ പ്രസിദ്ധീകരിക്കേണ്ടത്. ലിസ്റ്റിന്റെ പകർപ്പ് ഡയറക്ടറേറ്റിലേക്കും അയക്കണം. ക്രമ നമ്പർ, സ്കൂളിന്റെ പേര്, തസ്തിക, വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, സംരക്ഷണം ലഭിച്ച തീയതി, പുനർവിന്യാസം ലഭിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ ലിസ്റ്റിൽ ചേർക്കണം. ഇതിനുള്ള മാതൃകാ ഫോറം ഇതോടൊപ്പം ചേർക്കുന്നു. 'Whether deployed or not' എന്ന കോളത്തിൽ, എയ്ഡഡ് സ്കൂളിലെ ഒഴിവുകളിലേക്ക് പുനർവിന്യസിച്ചവരുടെ കാര്യത്തിൽ 'Yes'

എന്നും മറ്റെല്ലാ തരത്തിലുള്ള താൽക്കാലിക പുനർവിന്യാസം ലഭിച്ചവരുടേയും (സർക്കാർ സ്കൂളുകൾ, ഓഫീസുകൾ, പ്രോജക്റ്റുകൾ മുതലായവ) കാര്യത്തിൽ 'No' എന്നും ചേർക്കുക. 'No' എന്ന് ചേർത്തവർക്ക് സ്ഥിരമായ പുനർവിന്യാസം (എയ്ഡഡ് സ്കൂളിലേക്ക്) ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കോളത്തിൽ മാറ്റം വരുത്താനും മറക്കരുത്.

മാതൃകാ ഫോറത്തിൽ തയ്യാറാക്കിയ ലിസ്റ്റിന്റെ വിദ്യാഭ്യാസ ഉപഡയറക്ടർ ഒപ്പിട്ട പകർപ്പ് 16/02/2017 നു മുമ്പ് ഡയറക്ടറേറ്റിൽ എത്തിക്കണം. ഇതിന്റെ എക്സൽ ഷീറ്റും hsectiondpi@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കണം.

അർഹതയുള്ള എല്ലാവരും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, അനർഹർ ആരും തന്നെ അതിൽ കടന്നുകൂടിയിട്ടില്ലെന്നും വിദ്യാഭ്യാസ ഉപഡയറക്ടറും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)

പകർപ്പ്

(1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
(റവന്യൂ ജില്ലകളിലെ അധ്യാപക ബാങ്ക് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
(2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

ജി.a